## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 548** | **09.07.2012-ൽ മറുപടി നൽകേണ്ടത്**

# കായൽ കയ്യേറ്റം തടയാൻ നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ എം. എ. ബേബി<br>ഡോ ടി.എം തോമസ് ഐസക്<br>ശ്രീ സി.കെ. സദാശിവൻ<br>ശ്രീ വി. ചെന്താമരാക്ഷൻ | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ കായലുകളിൽ നടക്കുന്ന കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എത്ര കായലുകളിലാണ് ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ നടക്കുന്നത്; | (ബി) ഒമ്പത് കായലുകളിലെ സ്ഥിതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) ഇതിന്റെ ഭാഗമായി ഏതെല്ലാം കായലുകളുടെ വിസ്തൃതി കുറഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായലിലും കൊല്ലം ജില്ലയിലെ അഷ്ടമുടി, പരവൂർ കായൽ, ശാസ്താംകോട്ട കായൽ എന്നിവയോട് ചേർന്ന് കിടക്കുന്ന വൃഷ്ടിപ്രദേശങ്ങളിലും ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽവരുന്ന വേമ്പനാട്ടു കായലിലും മലപ്പുറം ജില്ലയിലെ കണ്ണേങ്കായലിലും കാസർഗോഡ് ജില്ലയിലെ തലങ്കര കായലിലും വിസ്തൃതി കുറഞ്ഞിട്ടുണ്ട്. |
| (ഡി) കായൽ കയ്യേറ്റങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) കായൽ കയ്യേറ്റങ്ങൾ തടയാൻ കേരള ഭൂസംരക്ഷണനിയമം 1957 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 218(1) പ്രകാരവും കേരള പഞ്ചായത്ത് രാജ് അനധികൃത കയ്യേറ്റം നീക്കംചെയ്യലും പിഴ ചുമത്തലും ഈടാക്കലും ചട്ടം 1996 പ്രകാരവും നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് അധികാരമുണ്ട്. |
| (ഇ) കായൽ കയ്യേറ്റങ്ങളുടെ പേരിൽ കേസുകൾ നിലവിലുണ്ടോ എന്ന് വിശദമാക്കുമോ? | (ഇ) ഉണ്ട്. |

സെക്ഷൻ ഓഫീസർ